LIBRARY ARCHIVES Kerala Legislative Assembly

വാച്ചുമരം ആദിവാസി കോളനിയിൽ ക്ഷയരോഗംമൂലമുള്ള മരണങ്ങൾ

202 (4786) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം ആദിവാസി കോളനിയിൽ ക്ഷയരോഗം ബാധിച്ച് കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലകളിൽ ക്ഷയരോഗംമൂലം ആളുകൾ മരണപ്പെടുന്നത് തടയുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ കോളനിയിൽ ക്ഷയരോഗം പകരുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയ ക്യാമ്പ്, മരുന്ന് വിതരണം എന്നിവ നടത്തുന്നുണ്ട്.

ചേർത്തല താലൂക്കിലെ പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം

203 (4787) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച ചികിത്സാ ധനസഹായം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചേർത്തല താലൂക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ സർക്കാർ കാലയളവിൽ നൽകിയ ചികിത്സാ ധനസഹായം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ചികിത്സാ ധനസഹായം അനുവദിച്ചു എന്ന് അറിയിപ്പ് ലഭിക്കുകയും അപേക്ഷകർക്ക് ഇനിയും തുക ലഭിക്കാത്തതുമായ കേസുകൾ ചേർത്തല താലൂക്കിൽ എത്രയെണ്ണമുണ്ടെന്നും അതിനായി നൽകാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത വ്യക്തികൾക്ക് തുക ഇനിയും ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; ഈ തുക അടിയന്തരമായി ഇവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ജില്ല	അനുവദിച്ച തുക
തിരുവനന്തപുരം	35,50,000
കൊല്ലം	3,60,000
ആലപ്പുഴ	26,03,500
കോട്ടയം	14,74,000
പത്തനംതിട്ട	28,07,000
ഇടുക്കി	94,08,843
എറണാകുളം	24,45,478
തൃശ്ശൂർ	38,51,266
മലപ്പുറം	81,22,399
പാലക്കാട്	96,24,545
കോഴിക്കോട്	10,61,443
വയനാട്	4,90,79,503
കണ്ണൂർ	65,27,855
കാസർഗോഡ്	75,45,448
ആകെ	10,84,61,280

(ബി)

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	തുക
2011-12	27	1,08,000
2012-13	42	2,00,000
2013-14	39	6,13,500
2014-15	69	5,28,000
2015-16	20	1,69,000
ആകെ	197	16,18,500

(സി&ഡി) ഇത്തരം കേസുകൾ നിലവിൽ ഒന്നംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല